I/176449/2024

നം. DDDKER/1831/2024-F2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

31-05-2024

**സർക്കുലർ നം. 26**

വിഷയം:- ക്ഷീരവികസനവകുപ്പ് — ക്ഷീരമേഖലയിലെ മഴക്കാല മുൻകരുതലുകൾ, കന്നുകാലികളുടെ മഴക്കാല പരിചരണം- നിർദ്ദേശങ്ങൾ നൽകുന്നതു സംബന്ധിച്ച്.

സൂചന :- ഉത്ഭവം

കേരളത്തിൽ ജൂൺ തുടങ്ങി കാലവർഷവും തുടർന്ന് തുലാവർഷവുമാണ്. കൊല്ലത്തിൽ പകുതിയോളം കാലം ഏറിയും കുറഞ്ഞും മഴ ലഭിക്കുന്ന സംസ്ഥാനമെന്ന നിലയിൽ നേരിടേണ്ടി വരുന്ന മഴക്കെടുതികളും ധാരാളമാണ്. കാലം തെറ്റി വരുന്ന മഴയും, അതിവൃഷ്ടിയും, അനാവൃഷ്ടിയും മലയാളികളെ ഒരുപോലെ ബുദ്ധിമുട്ടിക്കുന്നുണ്ട്. മഴക്കെടുതികൾ കാര്യമായി ബാധിക്കുന്ന ഒരു മേഖല എന്ന നിലയിലും മനുഷ്യർക്കൊപ്പം കന്നുകാലികളെയും സംരക്ഷിക്കേണ്ട അവസ്ഥ ഉള്ളതിനാലും മഴക്കാലത്ത് നാം ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉല്പാദനം കുറയുക, പശുക്കൾ ചത്തുപോവുക, കാലിത്തീറ്റ, വൈക്കോൽ ഉൾപ്പെടെയുള്ള തീറ്റ സാധനങ്ങളും തീറ്റപ്പുൽക്കൃഷിയും നശിക്കുക, കാലിത്തൊഴുത്ത് നശിക്കുക, ക്ഷീരസംഘങ്ങളിലെ സംഭരണ പ്രവർത്തനങ്ങൾ തടസ്സപ്പെടുക, ക്ഷീരസംഘം കെട്ടിടത്തിനും ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിക്കുക എന്നിവ കാലവർഷ കെടുതികളിൽ ചിലത് മാത്രമാണ്.

മഴക്കാലത്ത് ഈ മേഖലയിൽ, വകുപ്പ് ഉദ്യോഗസ്ഥരും ക്ഷീരസംഘങ്ങളും ക്ഷീരകർഷകരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ജില്ലാ/ ബ്ലോക്കുതല ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. മുൻവർഷാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പ്രളയ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി പ്രത്യേക മുൻകരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ്ഡുകൾ, എലിവേറ്റഡ് ക്യാറ്റിൽ ഷെഡ്ഡുകൾ എന്നിവ പ്രവർത്തന സജ്ജമാണെന്ന് അതത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
3. മഴക്കാല കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ജില്ലാതലത്തിൽ ക്ഷീരസംഘങ്ങളുടെ യോഗങ്ങൾ സംഘടിപ്പിച്ച് വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത ഏജൻസികൾ, മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സാധിക്കും എന്ന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിക്കേണ്ടതാണ്.
4. കടുത്ത മഴ തീറ്റലഭ്യതയെ ബാധിക്കും എന്നതിനാൽ കന്നുകാലികൾക്ക് പ്രാദേശികമായി ലഭ്യമാകുന്ന തീറ്റവസ്തുക്കൾ പരമാവധി സംഭരിക്കുന്നതിനും എത്തിച്ചു നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വയ്ക്കോൽ, ഹേ, സൈലേജ് എന്നിവയുടെ ലഭ്യത മുൻകൂട്ടി ജില്ല ഡെപ്യൂട്ടി ഡയറക്ടർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

5. പ്രവർത്തന പരിധി ദുരിതബാധിതപ്രദേശമാകുന്ന സാഹചര്യത്തിൽ അവിടുത്തെ ക്ഷീരകർഷകരെയും കന്നുകാലികളെയും സുരക്ഷിതസ്ഥാനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനും, വേണ്ട സഹായങ്ങൾ നല്കുന്നതിനും ഫീൽഡ് ഉദ്യോഗസ്ഥർ സന്നദ്ധരായിരിക്കണം.
6. ഓരോ ജില്ലയിലും ഡെപ്യൂട്ടി ഡയറക്ടർ കോ-ഓർഡിനേറ്ററായും, ടെക്നിക്കൽ അസിസ്റ്റന്റ് നോഡൽ ഓഫീസറായും ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദുരിതാശ്വാസ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വകുപ്പ് ഉദ്യോഗസ്ഥരുടേയും, ക്ഷീരസംഘം പ്രതിനിധികളുടെയും മറ്റ് ഏജൻസികളുടെയും സഹകരണത്തോടെ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
7. ക്ഷീരമേഖലയിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് സംബന്ധിച്ച വിശദമായ വിവരശേഖരണം ക്ഷീരവികസന യൂണിറ്റുകൾ ക്ഷീരസംഘങ്ങൾ മുഖേന നടത്തുന്നതിനും ആയത് ക്രോഡീകരിച്ച് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>ക്ഷീരകർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

1. തൊഴുത്തിലെ മിനുസമേറിയ തറകളിൽ മഴക്കാലത്ത് പശുക്കൾ തെന്നി വീണ് അപകടമുണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്. തൊഴുത്തിലെ തറ, കുഴികളും ദ്വാരങ്ങളും അടച്ച് വൃത്തിയാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. തറ കൂടുതൽ പരുക്കനാക്കുകയോ റബ്ബർ മാറ്റുകൾ സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്.
2. തൊഴുത്തിൽ വെള്ളവും മാലിന്യങ്ങളും കെട്ടി നിന്ന് കൊതുകുകളും ഈച്ചകളും മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ മഴക്കാലത്ത് അധിക ശ്രദ്ധ ചെലുത്തേണ്ടതാണ്.
3. തൊഴുത്തിനുള്ളിൽ മഴവെള്ളം വീഴാതിരിക്കാൻ മേൽക്കൂരയിലും വശങ്ങളിലും ആവശ്യമായ അറ്റകുറ്റപണികൾ നടത്താവുന്നതാണ്. കന്നുകാലികൾക്ക് മലിനജലം കുടിച്ചുള്ള രോഗങ്ങൾ ബാധിക്കാതെ വെള്ളപ്പാത്രങ്ങൾ പായലും മറ്റു മാലിന്യങ്ങളും കളഞ്ഞ് കഴുകി വൃത്തിയാക്കേണ്ടതാണ്.
4. ഈച്ച, കൊതുക്, പട്ടുണ്ണി തുടങ്ങിയ ബാഹ്യ പരാദങ്ങളുടെ ബാഹുല്യം നിമിത്തം മഴക്കാലത്ത് പല രോഗങ്ങളും ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലാണ്. ഇവയെ നിയന്ത്രിക്കുന്നതിന് തൊഴുത്തിലും പരിസരങ്ങളിലും മരുന്ന് തളിക്കുകയോ തൊഴുത്തിന്റെ ഭിത്തികൾ മരുന്ന് ചേർത്ത് വെള്ളപൂശുകയോ ചെയ്യാവുന്നതാണ്.
5. വളക്കുഴി വൃത്തിയാക്കി കുമ്മായവും ബ്ലീച്ചിങ് പൗഡറും കലർന്ന മിശ്രിതം വിതറി അണുവിമുക്തമാക്കാവുന്നതാണ്.
6. തൊഴുത്തിലും പരിസരങ്ങളിലുമുള്ള എലി, പെരുച്ചാഴി തുടങ്ങിയവയുടെ ശല്യം നിയന്ത്രിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.
7. മഴക്കാലത്ത് ഉരുക്കൾക്ക് വൈദ്യുത ഷോക്കേൽക്കാനുള്ള സാധ്യത വളരെ കൂടുതലായതിനാൽ തൊഴുത്തിലേക്കുള്ള വൈദ്യുത കണക്ഷൻ പരിശോധിച്ച് സുരക്ഷിതമാണെന്ന് ഉറപ്പു വരുത്താവുന്നതാണ്.
8. പ്രളയ സാധ്യതയുള്ള പ്രദേശങ്ങളിൽ, അത്യാവശ്യ ഘട്ടങ്ങളിൽ പശുക്കളെ കെട്ടുന്നതിനു അനുയോജ്യമായ ഉയർന്ന പ്രദേശങ്ങൾ കണ്ടെത്തി വയ്ക്കാവുന്നതാണ്.
9. മഴക്കാലത്ത് അന്തരീക്ഷം തണുക്കുകയും ഈർപ്പം വർദ്ധിക്കുകയും ചെയ്യുന്നതിനാൽ രോഗകാരികളായ സൂക്ഷ്മജീവികൾ പെരുകുന്നതിനും രോഗങ്ങൾ പടർന്നു പിടിക്കുന്നതിനുമുള്ള സാദ്ധ്യതകളേറെയാണ്. ശുചിത്വം പാലിക്കുക, പ്രതിരോധ കുത്തിവയ്പുകൾ നൽകുക. തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്

10. മഴക്കാലത്ത് കന്നുകാലികൾക്ക് ഈർപ്പം തട്ടാത്ത കാലിത്തീറ്റ, വൈക്കോൽ എന്നിവ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
11. മഴക്കാലത്ത് ശുദ്ധമായ വെള്ളം യഥേഷ്ടം ലഭ്യമാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.
12. പശുക്കളുടെ ശരീരഭാഗങ്ങളിൽ, പ്രത്യേകിച്ച് അകിടിൽ കാണപ്പെടുന്ന മുറിവുകൾ താമസംവിനാ ചികിത്സിച്ച് ഭേദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് മഴക്കാലത്ത് അകിടു വീക്കം പോലുള്ള രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ സഹായിക്കും.
13. മഴക്കാലത്ത് ദീർഘനേരം ഈർപ്പമുള്ള ചുറ്റുപാടിൽ നിൽക്കുന്നത് കുളമ്പിനെ ബാധിക്കാനിടയുള്ളതിനാൽ അമിത വളർച്ചയുള്ള കുളമ്പുകൾ മുറിച്ചു കളയുക, റബ്ബർ മാറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**<u>ക്ഷീരസംഘങ്ങൾ</u>**

1. സംഘവും പരിസരവും ബ്ലീച്ചിങ്ങ് പൗഡർ ഉപയോഗിച്ച് വൃത്തിയാക്കേണ്ടതും ഓടകളും മറ്റ് മലിന ജല ചാലുകളും വൃത്തിയാക്കി വെള്ളം കെട്ടിനില്ക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
2. സംഘത്തിൽ ശുദ്ധ ജലം ലഭിക്കുന്നതിനുള്ള സാഹചര്യം ഉറപ്പാക്കാവുന്നതാണ്.
3. ക്ഷീര കർഷകർക്ക് മഴ നനയാതെ പാൽ നല്കുന്നതിനുള്ള സംവിധാനങ്ങൾ ക്ഷീരസംഘങ്ങളിൽ ഒരുക്കേണ്ടതാണ്.
4. അടിയന്തര സാഹചര്യങ്ങിൽ ഉരുക്കളെ സുരക്ഷിതമായി നിർത്തുന്നതിനു സാധിക്കുന്ന ഉയർന്ന പ്രദേശങ്ങൾ കണ്ടെത്തി വേണ്ട മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.
5. മഴക്കാലത്ത് ക്ഷീര കർഷകർക്ക് ആവശ്യത്തിനു വയക്കോൽ, സൈലേജ്, കാലിത്തീറ്റ തുടങ്ങിയവ ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ മുൻകൂട്ടി ഒരുക്കുക.
6. കാലിത്തീറ്റകൾ ഈർപ്പം തട്ടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ സംഘം ഗോഡൗണുകളിൽ ഉണ്ടായിരിക്കേണ്ടതാണ്.
7. വിരമരുന്നു നല്കുക, ഇൻഷുറൻസ് പുതുക്കുക, പ്രതിരോധ കുത്തിവയ്പ്പുകൾ നല്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ക്ഷീരകർഷകർക്ക് അവബോധം നല്കുകയും വേണ്ട സഹായങ്ങൾ നല്കുകയും ചെയ്യേണ്ടതാണ്.

DIRECTOR

Signed by
Asif K Yusuf I A S
Date: 31-05-2024 10:36:08

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും,
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും,
എല്ലാ മേഖലാ ലബോറട്ടറി മേധാവികൾക്കും
എല്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും (ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ടിനും
എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും/ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്കും (ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
എല്ലാ ക്ഷീരസംഘങ്ങൾക്കും (ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)